**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 571 — 13.01.2021-ലെ മറുപടിയ്ക്ക്

## കായികതാരങ്ങൾക്കുള്ള സർക്കാർ ജോലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എൻ.ഷംസീർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയിൽ കഴിവ് തെളിയിച്ച എത്രപേർക്ക് ഇതുവരെ സർക്കാർ ജോലി ലഭിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. മലയാളിയായ ഇന്ത്യൻ ഫുട്ബോൾ താരം ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ.സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.<br>ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ആയതിന്റെ പട്ടിക **അനുബന്ധമായി** ചേർക്കുന്നു.<br>കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ.പി.കെ.യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br>2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ.ഷൈബൻ.ഇ.ബിയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും |

| | | | |
|---|---|---|---|
| | | | സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>കായികയുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി.ശകുന്തള.ഡി.വിയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| തസ്തിക | വകുപ്പ്/ഓഫീസ് | ആകെ |
|---|---|---|
| അസിസ്റ്റന്റ് | പി.എസ്.സി - 5<br>എ.ജി ഓഫീസ് - 5<br>ജി.എ.ഡി - 10<br>ധനകാര്യം - 4 | 24 |
| വാണിജ്യ നികുതി ഓഫീസർ | വാണിജ്യ നികുതി വകുപ്പ് (എസ്.ജി.എസ്.റ്റി) | 3 |
| അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) | ജലവിഭവ വകുപ്പ് (മുൻ പൊതുമരാമത്ത് വകുപ്പ്) | 1 |
| എൽ.ഡി ക്ലാർക്ക് | പൊതു വിദ്യാഭ്യാസം | 165 |
| പ്യൂൺ/ഓഫീസ് അറ്റൻഡന്റ് | പൊതു വിദ്യാഭ്യാസം | 2 |
| ആകെ | | 195 |

S.O